വിൽക്കുമ്പോഴും വാങ്ങുമ്പോഴും കടം തിരിച്ചു
ചോദിക്കുമ്പോഴും വിട്ടുവീഴ്ച പുലർത്തുന്ന ഒരാൾക്ക്
അല്ലാഹു കാരുണ്യം ചൊരിയട്ടെ
ُه عَنُْه- ജാബിർ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "വിൽക്കുമ്പോഴും വാങ്ങുമ്പോഴും കടം
തിരിച്ചു ചോദിക്കുമ്പോഴും വിട്ടുവീഴ്ച പുലർത്തുന്ന ഒരാൾക്ക് അല്ലാഹു കാരുണ്യം
ചൊരിയട്ടെ."
[സ്വഹീഹ്] [ബുഖാരി ഉദ്ധരിച്ചത്]
കച്ചവടത്തിൽ എളുപ്പവും ഔദാര്യവും കാത്തുസൂക്ഷിക്കുന്നവർക്ക് വേണ്ടി നബി -صلى الله عليه وسلم-കാരുണ്യത്തിന് വേണ്ടി പ്രാർത്ഥിച്ചിരിക്കുന്നു. വസ്തു വാങ്ങുന്നവനോട് വിലയുടെ
കാര്യത്തിൽ കടുപ്പം കാണിക്കാതിരിക്കുകയും, നല്ല സ്വഭാവത്തിൽ പെരുമാറുകയും
ചെയ്യുന്നത് ഈ പറഞ്ഞതിൽ ഉൾപ്പെടും. ഇതു പോലെ ഒരാളിൽ നിന്ന് വസ്തു വാങ്ങുമ്പോൾ അവൻ്റെ
വസ്തുവിൻ്റെ വില പറ്റെ കുറക്കാതിരിക്കുകയും, വിൽപ്പനവസ്തുവിൻ്റെ വില
ഇടിക്കാതിരിക്കുന്നതും സൗമ്യതയുടെ ഭാഗമാണ്. അവന് കിട്ടാനുള്ള കടം തിരിച്ചു
ചോദിക്കുമ്പോൾ ഔദാര്യവും ലാളിത്യവും ഉദാരതയും പുലർത്തുന്നതും ഈ പറഞ്ഞതിൻ്റെ ഭാഗം
തന്നെ. ദരിദ്രരോടും ആവശ്യക്കാരോടും അവനൊരിക്കലും കാഠിന്യം പുലർത്തരുത്. മറിച്ച്
സൗമ്യതയോടെയും അലിവോടെയും അവരോട് ആവശ്യപ്പെടുക. പ്രയാസമുള്ളവന് അവധി
നീട്ടിക്കൊടുക്കുകയും ചെയ്യുക.
https://sunnah.global/hadeeth/ml/show/3716